**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1819 — 14-08-2017 ൽ മറുപടിയ്ക്ക്

## തലശ്ശേരി ഫയർസ്റ്റേഷൻ

| ചോദ്യം<br>**ശ്രീ. എ. എൻ. ഷംസീർ** | | മറുപടി<br>**ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
|---|---|---|
| എ) | തലശ്ശേരി ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ; | എ) തലശ്ശേരി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുവാൻ അനുയോജ്യമായ മറ്റ് സ്ഥലങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഇപ്പോൾ പ്രവർത്തിച്ച് വരുന്ന സ്റ്റേഷൻ കെട്ടിടത്തിനോട് ചേർന്ന് ബഹുനില മന്ദിരം നിർമ്മിക്കുന്നതിനുള്ള അനുമതി ആർക്കിയോളജി വകുപ്പിൽ നിന്നും ലഭിക്കുവാൻ സാദ്ധ്യതയില്ലാത്തതിനാൽ രണ്ട് ഒറ്റ നില കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആർക്കിയോളജി വകുപ്പിൽ നിന്നും എൻ.ഒ.സി. ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |
| ബി) | പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാവുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് അറിയിക്കുമോ? | ബി) ആർക്കിയോളജി വകുപ്പിൽ നിന്നും നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള എൻ.ഒ.സി. ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതാണ്. |

Manoj

സെക്ഷൻ ഓഫീസർ